## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1440

14/12/2012 - ൽ മറുപടിയ്ക്ക്

### പി. എം. ജി. എസ്. വൈ. പദ്ധതി

ചോദ്യം
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

ഉത്തരം
ശ്രീ.കെ.സി.ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി)

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പി. എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര കിലോ മീറ്റർ റോഡുകൾക്കാണ് അനുമതി ലഭ്യമായിട്ടുള്ളത് ;

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പി.എം.ജി.എസ്.വൈ പദ്ധതിപ്രകാരം 720 കി.മീ റോഡുകളുടെ പ്രോജക്ട് സമർപ്പിക്കുന്നതിനുള്ള അനുമതി കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്.

(ബി) അനുവദിക്കപ്പെട്ട റോഡുകളുടെ പേരും തുകയും ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ?

(ബി) 2012-2013 വർഷം പി.എം.ജി.എസ്.വൈ എട്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തുന്നതിന് പരിഗണിക്കുന്നതിനായി ജില്ലകളിൽ നിന്നും സമർപ്പിച്ച റോഡുകളുടെ പട്ടിക സംസ്ഥാനതല സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. അതനുസരിച്ച് ഈ പ്രവൃത്തികൾക്കുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കുന്നതിന് ജില്ലയിലെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിന്റെ (PIU) ചുമതലയുള്ള എക്സിക്യൂട്ടിവ് എൻജിനിയർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതനുസരിച്ച് ജില്ലയിൽ നിന്നും ഏറ്റെടുക്കേണ്ട റോഡുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്രസർക്കാരിൽ സമർപ്പിച്ച് അംഗീകാരം ലഭിച്ചതിനു ശേഷം മാത്രമേ അനുവദിക്കപ്പെട്ട റോഡുകളുടെ പേരും തുകയും വ്യക്തമാക്കാൻ സാധിക്കുകയുള്ളു.

സെക്ഷൻ ഓഫീസർ